"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കണ്ടറി സ്കൂൾ - ഏകജാലക പ്രവേശനം - 2022-23 അധ്യയന വർഷത്തെ മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ച് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്**

സ.ഉ.(കൈ) നം.119/2022/GEDN തീയതി,തിരുവനന്തപുരം, 07-07-2022

---

പരാമർശം:-

1. സ.ഉ.(കൈ) നം.191/2021/പൊവിവ തീയതി 02.09.2021
2. സ.ഉ.(കൈ) നം.241/2021/പൊവിവ തീയതി 28.10.2021
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24.06.2022 ലെ ICT Cell/1771/1/2022/DGE-HSE നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം 2021-22 അധ്യയന വർഷം സംസ്ഥാനത്ത് വിവിധ ജില്ലകളിൽ പ്ലസ് വൺ പ്രവേശനത്തിന് സീറ്റ് വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സീറ്റുകളിൽ ഈ അധ്യയന വർഷത്തെ അഡ്മിഷൻ അതേ പോലെ നിലനിർത്തണമെന്ന് പരാമർശം 3 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും വിവിധ ജില്ലകളിൽ പ്ലസ് വൺ പ്രവേശനത്തിനായി ഈ അധ്യയന വർഷവും സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകരുതെന്ന വ്യവസ്ഥയിൽ താഴെ പറയും പ്രകാരം സീറ്റ് വർദ്ധനവ് വരുത്തി ഉത്തരവാകുന്നു :

ഒന്ന്) തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കാൻ അനുമതി നല്കുന്നു.

രണ്ട്) തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും 20 % മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കാൻ അനുമതി നല്കുന്നു. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾക്ക് 10% കൂടി മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

മൂന്ന്) കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ മൂന്ന് ജില്ലകളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിന് അനുമതി നല്കുന്നു.

3. മേൽപ്പറഞ്ഞപ്രകാരം പ്രോസ്പെക്ടസ്സിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

#ApprovedByDesignation#

പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം

എല്ലാ ഹയർ സെക്കന്ററി മേഖല ഉപമേധാവികൾക്കും

(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും

(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പൊതുവിദ്യാഭ്യാസ(ജി) വകുപ്പ്

വെബ്&ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Priyanka T V**
**Date: 07-07-2022 18:17:21**

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്

പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.